ത്തിലാണ് ജലവൈദ്യുത പദ്ധതികൾ കൈമാറാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്ത മാക്കുമോ;

(ബി) പുതിയ സംവിധാനം നിലവിൽ വരുന്നതോടെ വ്യവസായ മേഖലയ്ക്ക് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാവുമെന്നാണ് പ്രതീക്ഷി ക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇതിനകം ഏതെങ്കിലും ജലവൈദ്യുത പദ്ധതി ഏതെങ്കിലും വ്യവസായ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശ ദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായ സ്ഥാപനങ്ങൾക്ക് സ്വന്തമായി ജലവൈദ്യുത പദ്ധ തികൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഗവൺമെന്റ് പുതുക്കി നിശ്ചയി ക്കാൻ ആലോചിക്കുകയാണ്. ഇതിനായി നിയോഗിച്ച സ്റ്റിയറിംഗ് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്ത് ഗവൺമെന്റിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പി ക്കുന്നതിന് താരതമ്യേന ചെലവു കുറവായതിനാൽ വൈദ്യുതി ഉൽപ്പാദന ത്തിൽ ഏർപ്പെട്ടിട്ടുള്ള ഈ വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകും.

(സി) ഉണ്ട്. ഉള്ളുങ്കൽ (7 മെ.വാ) കാരിക്കയം (15 മെ.വാ) എന്നീ പദ്ധതികൾ ട്രാവൻകൂർ ഇലക്ട്രോ സ്മെൽട്ട്സ് ലിമിറ്റഡിനും കുത്തുങ്കൽ (21 മെ.വാ)- ഇൻഡ്സിൽ ഇലക്ട്രോ സ്മെൽട്ട്സ് ലിമിറ്റഡിനും, ഭൂതത്താൻകെട്ട് (16 മെ.വാ) സിൽക്കാർ മെറ്റലർജിക് ലിമിറ്റഡിനും മണിയാർ (12 മെ.വാ) കാർബോരാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനും കൈമാറിയിട്ടുണ്ട്.

കെ.എസ്.ഇ.ബി. യുടെ ലോൺ

88 (3489)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്;

(ബി) ഇപ്രകാരം എടുത്തിട്ടുള്ള ഓരോ വായ്പയും അതിന്റെ പലി ശയും വ്യവസ്ഥകളും വിശദീകരിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നും വിദേശ സ്ഥാപനത്തിൽ നിന്നും വാങ്ങിയ വായ്പയ്ക്ക് എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കേണ്ടതെന്ന് അറി യിക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി +ചേർത്തിട്ടുണ്ട്.

+ അനുബന്ധം XV

1215/2010

LIBRARY ARCHIVES Kerala Legislative Assembly

28.	നന്ദിയോട് ഗ്രാമപഞ്ചായത്ത്	1	95,420	54,887
29.	വിളപ്പിൻ പഞ്ചായത്ത്	1	3,37,670	2,29,113
30.	കടയ്ക്കാവൂർ പഞ്ചായത്ത്	2	10,000	10,000
31.	ഇടവ പഞ്ചായത്ത്	1	4,00,000	3,53,979
32.	ചെറുന്നിയൂർ	2	2,25,000	2,08,500
33.	വെട്ടൂർ പഞ്ചായത്ത്	2	6,20,000	-
34.	പനവൂർ	1	26,220	-

അനുബന്ധം XIV

(28.3.2000-ലെ ചോദ്യം 72 (3473)-ന്റെ ഉത്തരം ദയവായി കാണുക.)

FORM XIII

(See Rule 75)

Register of Workmen Employed by Contractor

Name and address of Contractor ..... Name and address of establishment in/under which contract is carried on .....

Nature and location of work..... Name and address to Principal Employer .....

Name and surname of workman	Age and sex	Father's/ husband's name	Nature of employment/ designation	Nature of employment/designatio	Permanent home address of workman	Local Address	Date of commencement	signature of thumb impression of workman	Date of termination of employment	Reason for termination	Remarks
1	2	3	4	5	6	7	8	9	10	11	12

അനുബന്ധം XV

(28.3.2000-ലെ ചോദ്യം 88 (3489)-ന്റെ ഉത്തരം ദയവായി കാണുക.)

1998-99 ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങളിൽനിന്ന് ബോർഡ് വാങ്ങിയ വായ്പകളും 31.3.1999-ലെ ശേഷിപ്പ് തുക (Outstanding balance) ചുവടെ ചേർക്കുന്നു.

		തുക കോടിയിൽ
1.	കെ.എസ്.ഇ.ബോണ്ട്	152.90
2.	നോൺ എസ്.എൽ.ആർ. ബോണ്ട്	1395.31
3.	ക്രഡിറ്റ് ലയോണിസ്	186.01
4.	എക്സ്പോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ	109.51
5.	ഐ.ഡി.ബി.ഐ.	282.55
6.	സിഡ്ബി	12.92

LIBRARY ARCHIVES Kerala Legislative Assembly

7.	എൽ.ഐ.സി.	214.98
8.	എച്ച്.ഡി.എഫ്.സി.	7.43
9.	കാൻഫിൻ ഹോംസ്	9.35
10.	മീഡിയാ ടേംലോൺ (കാനറാ ബാങ്ക്)	24.47
11.	ആർ.ഇ.സി.	258.95
12.	ആർ.ഇ.സി.ഐ.ഇ.സി.എഫ്	7.72
13.	നബാർഡ്	0.01
14.	ആർ.ഇ. സ്കീമുകൾക്ക് വേണ്ടി	63.62
15.	പവ്വർ ഫൈനാൻസ് കോർപ്പറേഷൻ	134.26
16.	കേരള പവ്വർ ഫൈനാൻസ് കോർപ്പറേഷൻ	18.50
	ആകെ	2878.49

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വായ്പകൾക്ക് വിവിധങ്ങളായ വായ്പ വ്യവസ്ഥകളും പലിശ നിരക്കുകളുമാണുള്ളത്.

1. കെ.എസ്.ഇ. ബോണ്ട്

വിവിധ കാലയളവിലാണ് ഈ ബോണ്ടുകൾ റെഡീം (Redeem) റിലീസ് ചെയ്യുന്നത് 8 % ശതമാനം മുതൽ 13 % ശതമാനം വരെയുള്ള നിരക്കിൽ പല കാലയളവിൽ ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പലിശ അർദ്ധവാർഷിക ഗഡുക്കളായാണ് കൊടുക്കുന്നത്.

2. നോൺ എസ്.എൽ.ആർ. ബോണ്ട്

11.5 ശതമാനം മുതൽ 17 ശതമാനം വരെയുള്ള നിരക്കിൽ പല കാലയളവിൽ നോൺ എസ്.എൽ.ആർ. ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അർദ്ധ വാർഷികമായാണ് പലിശ നൽകുന്നത്. വിവിധ കാലയളവിലാണ് ഈ ബോണ്ടുകൾ റെഡീം (Redeem) റിലീസ് ചെയ്യുന്നത്.

3. ക്രഡിറ്റ് ലയോണിസ്

ക്രഡിറ്റ് ലയോണ എന്ന വിദേശ സ്ഥാപനത്തിൽനിന്നും ബ്രഹ്മപുരം പദ്ധതിക്കുവേണ്ടി എടുത്ത ഈ വായ്പ 20 അർദ്ധവാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കും. പലിശയും അർദ്ധവാർഷിക ഗഡുക്കളും അടയ്ക്കുന്നത്. പലിശനിരക്ക് 5.95 ശതമാനമാണ്.

4) എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

കുറ്റിയാടി എക്സ്റ്റൻഷൻ പദ്ധതിക്കായുള്ളതും പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതികളും നവീകരണത്തിന് വേണ്ടിയിട്ടായും രണ്ടു വായ്പകൾ ഈ കനേഡിയൻ വായ്പ പദ്ധതിയിൽ കൂടി ഉണ്ട്. ഈ കുറ്റിയാടി എക്സ്റ്റൻഷൻ പദ്ധതിക്ക് വായ്പയുടെ വാർഷിക പലിശ നിരക്ക് 7.01 ശതമാനവും പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണത്തിനായുള്ള വായ്പയുടെ പലിശനിരക്ക് 6.8 ശതമാനവുമാണ്. ഈ വായ്പകൾ തിരിച്ചടയ്ക്കേണ്ടത് 17 തുല്യ അർദ്ധ വാർഷിക ഗഡുക്കളിലാണ്. ഈ വായ്പകളിൽ യഥാക്രമം 6.26 ശതമാനവും 4.76 ശതമാനവും എക്സ്പോഷർ ഫീസും ഉൾപ്പെട്ടതാണ്. കമ്മിറ്റ്മെന്റ്ഫീസ് 0.375 ശതമാന

LIBRARY ARCHIVES Kerala Legislative Assembly

മാണ്. വിദേശ വായ്പകൾ എടുക്കുന്നതിന് ഭാരത സർക്കാരിന്റെ ധനമന്ത്രാലയത്തിന്റെയും ഭാരത റിസർവ്വ് ബാങ്കിന്റെയും അംഗീകാരം ആവശ്യമാണ്. കൂടാതെ വായ്പ തരുന്ന സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന ബാങ്ക് ഗാരണ്ടി അല്ലെങ്കിൽ ഭാരത സർക്കാരിന്റെ ഗാരണ്ടി ലഭ്യമാക്കേണ്ടതാണ്.

5) ഐ.ഡി.ബി.ഐ.

ഈ വായ്പ രണ്ടുതരത്തിലുണ്ട്.

I ബിൽ റീ ഡിസ്കൗണ്ട് സ്കീം

ഇതിന്റെ പലിശ ഓരോ ഗഡുവിന്റെ തിരിച്ചടവ് കാലാവധി പ്രകാരമാണ് കണക്കാക്കുന്നത്. ഒരു ഗഡു വായ്പ ലഭിക്കുന്നതു മുതൽ 9 മാസം കഴിഞ്ഞു തിരിച്ചടവ് തുടങ്ങുന്നു. 20 ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്ന വായ്പയ്ക്ക് diferred interest (മാറ്റിവയ്ക്കപ്പെട്ട പലിശ) (12.8855 ശതമാനം മുതൽ 33.2155 ശതമാനം വരെയുള്ള നിരക്കിൽ) 66 മാസത്തെ കാലാവധിയിൽ നൽകുന്നുണ്ട്.

II Direct Discounting Scheme

പലിശനിരക്ക് 20 ശതമാനം deferred interest Scheme പ്രകാരം 18 ത്രൈമാസിക തവണകളായി ഓരോ ഗഡുവും പലിശയുൾപ്പെടെ അടച്ചുതീർക്കുന്നു.

6) സിഡ്ബി

1) ബിൽ റീ ഡിസ്കൗണ്ടിംഗ് സ്കീം

പലിശനിരക്ക് 14.7 ശതമാനം ഈ വായ്പ 10 അർദ്ധവാർഷിക തവണകളായി ഓരോ ഗഡുവും പലിശയുൾപ്പെടെ അടച്ചുതീർക്കുന്നു. കാലാവധി 60 മാസം.

2) Direct Discounting Scheme

പലിശനിരക്ക് 19.5 ശതമാനം deferred interest Scheme പ്രകാരം 10 അർദ്ധവാർഷിക തവണകളായി ഓരോ ഗഡുവും പലിശയുൾപ്പെടെ അടച്ചുതീർക്കുന്നു. കാലാവധി 60 മാസം

എൽ.ഐ.സി.

പലിശ നിരക്ക് 14.28 ശതമാനം. വായ്പത്തുക 15 വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കണം. പലിശ അർദ്ധ വാർഷികമായി അടയ്ക്കണം.

8) എച്ച്.ഡി.എഫ്.സി.

പലിശ 13 ശതമാനം മുതൽ 17.5 ശതമാനം വരെയുള്ള നിരക്കിലാണ് തുല്യമാസ തവണയായി വായ്പത്തുകയും പലിശയും അടയ്ക്കണം.

9) കാൻഫിൻ ഹോംസ്

പലിശനിരക്ക് 14 മുതൽ 17 ശതമാനം വരെയാണ്. തുല്യമാസ തവണയായി വായ്പത്തുകയും പലിശയും അടയ്ക്കണം.

10) മീഡിയം ടേംലോൺ (കാനറാബാങ്ക്)

പലിശ നിരക്ക് 14 ശതമാനം ത്രൈമാസ ഗഡുക്കളായി വായ്പത്തുകയും പലിശയും അടയ്ക്കണം.

11) ആർ.ഇ.സി.

LIBRARY ARCHIVES Kerala Legislative Assembly

13 ശതമാനം മുതൽ 16 ശതമാനം വരെയാണ് പലിശനിരക്ക് 2 വർഷത്തെ മോറട്ടോറിയം കഴിഞ്ഞ് 5 വാർഷിക ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കണം. പലിശ ത്രൈമാസിക ഗഡുക്കളായും അടക്കണം.

12. ആർ.ഇ.സി. (ഒ.ഇ.സി.എഫ്.)

വായ്പ 10 വാർഷിക ഗഡുക്കളായും 16 ശതമാനം നിരക്കിലുള്ള പലിശ ത്രൈമാസിക ഗഡുക്കളായും അടക്കണം.

13. ആർ.ഇ. സ്കീമുകൾക്കുവേണ്ടി

(കമ്മേഴ്സ്യൽ ബാങ്കുകളിൽനിന്നും) 2 വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 7 വർഷംകൊണ്ട് തിരിച്ചടയ്ക്കണം. വായ്പത്തുക, വാർഷിക ഗഡുക്കളിലും പലിശ അർദ്ധവാർഷിക ഗഡുക്കളിലുമാണ് അടയ്ക്കേണ്ടത്. പലിശ നിരക്ക് 12.24 ശതമാനം മുതൽ 14.5 ശതമാനം വരെ.

14. പവ്വർ ഫൈനാൻസ് കോർപ്പറേഷൻ

ശരാശരി 14.5 ശതമാനം പലിശ അർദ്ധവാർഷിക ഗഡുക്കളായി കൊടുക്കേണ്ടതാണ്. പലിശ യഥാസമയം കൊടുക്കാൻ കഴിയാതെ വന്നാൽ 2.75 ശതമാനം പിഴപ്പലിശ കൂട്ടുപലിശ ക്രമത്തിൽ അടക്കേണ്ടി വരും. കരാറിൽ പറഞ്ഞ തുക യഥാസമയം വിനിയോഗിക്കാൻ കഴിയാതെ വന്നാൽ ആ തുകയ്ക്കും. 1 ശതമാനം കമ്മിറ്റ്മെന്റ് ചാർജ്ജ് നൽകേണ്ടതാണ്. വായ്പത്തുക അർത്ഥ വാർഷിക ഗഡുക്കളായി അടയ്ക്കേണ്ടതാണ്.

കേരള പവർ ഫൈനാൻസ് കോർപ്പറേഷൻ

13.5 ശതമാനം ആണ് പലിശ നിരക്ക്. 2 വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 5 വർഷംകൊണ്ട് വായ്പത്തുക തിരിച്ചടയ്ക്കണം പലിശ ത്രൈമാസിക ഗഡുക്കളിലാണ് അടയ്ക്കേണ്ടത്.

അനുബന്ധം XVI

(28.3.2000-ലെ ചോദ്യം 103 (3504)-ന്റെ ഉത്തരം ദയവായി കാണുക.)

എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ	-	1
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്)	-	3
അസി. എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	10
അസി. എഞ്ചിനീയർ (സിവിൾ)	-	2
സബ്. എഞ്ചിനീയർ (ഇലക്ട്രിക്കൽ)	-	22
ഓവർസീയർ	-	51
മീറ്റർ റീഡർ	-	16
മസ്ദൂർ	-	44
അക്കൗണ്ട്സ് ഓഫീസർ	-	2
അസി. അക്കൗണ്ട്സ് ഓഫീസർ	-	2
ഡിവിഷണൽ അക്കൗണ്ടന്റ്	-	2
സീനിയർ സൂപ്രണ്ട്	-	19
സീനിയർ അസിസ്റ്റന്റ്	-	36
ജൂനിയർ അസിസ്റ്റന്റ്	-	11

LIBRARY ARCHIVES Kerala Legislative Assembly